# കേരള മുസ്‌ലിം മജ്‌ലിസ്

മുപ്പതുകളുടെ തുടക്കത്തിൽ കേരളത്തിൽ സജീവമായിരുന്ന ഒരു സംഘടനയായിരുന്നു മുസ്‌ലിം മജ്‌ലിസ്. ഇന്ത്യയിൽ ഭരണമാറ്റമുണ്ടാകുമെന്നു തോന്നിയ മുപ്പതുകളുടെ ഒരു ഘട്ടത്തിൽ പഴയ മദ്രാസ് സംസ്ഥാനത്തെ മുസ്‌ലിം ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗത്തോളം വരുന്ന ബ്രിട്ടീഷ്മലബാറിലെയും അയൽപ്രദേശമായ തെക്കൻ കർണാടകം, കൊച്ചി, തിരുവിതാംകൂർ ഭാഗങ്ങളിലെയും മുസ്‌ലിംകളുടെ അവകാശസംരക്ഷണത്തിനും സമുദായപരിഷ്കരണ പ്രവർത്തനങ്ങൾക്കുമായി ഒരു സംഘടന ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കി ഏതാനും ആളുകൾ മുന്നോട്ടുവന്നു. അങ്ങനെ അവർ ഒരു കേരള മുസ്‌ലിം കോൺഫറൻസ് സംഘടിപ്പിച്ചു. ഏറെ പ്രചാരണങ്ങൾക്കു ശേഷം 1931 ആഗസ്റ്റ് 22, 23 തീയതികളിൽ തലശ്ശേരിയിൽ നടന്ന കോൺഫറൻസിൽ കേരളത്തിന്റെ മിക്ക ഭാഗങ്ങളിൽനിന്നും സാമുദായികസംഘങ്ങളും ജമാഅത്ത് പള്ളി ഭാരവാഹികളും സംബന്ധിച്ചതായി മജ്‌ലിസിന്റെ റിപ്പോർട്ടുകളിൽ കാണുന്നു. മദ്രാസിലെ ഹാജി ജമാൽ മുഹമ്മദ് ആയിരുന്നു യോഗാധ്യക്ഷൻ. കോൺഫറൻസിൽ പാസ്സാക്കിയ പ്രമേയം ഇങ്ങനെ പറയുന്നു:

കേരളീയ മുസ്‌ലിംകൾക്ക് ശരിയായ സംഘടനയോ സംഘബലമോ ഇല്ലാത്തതു നിമിത്തം സമുദായത്തിന് സകലവിഷയങ്ങളിലും ക്ഷയവും നാശവും സംഭവിക്കുകയും, മുസ്‌ലിംകൾ ഭരണകാര്യങ്ങളിൽ പുറംതള്ളിപോകുകയും ഇതര സമുദായങ്ങളുടെ ദൃഷ്ടിയിൽ അവർക്ക് മാനഹാനി നേരിടുകയും ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത ദോഷങ്ങളെ പരിഹരിച്ച് സമുദായത്തിന്റെ വിദ്യാഭ്യാസവും സാന്മാർഗികവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ അഭിവൃദ്ധിക്കും സംരക്ഷണത്തിനും വേണ്ടി പരിശ്രമിക്കുന്നതും ശരിയായ പ്രാതിനിധ്യമുള്ളതുമായ ഒരു പൊതു സംഘം ഉണ്ടായിരിക്കേണ്ടതാണെന്ന് ഈ യോഗം ബലമായി അഭിപ്രായപ്പെടുകയും കേരള മുസ്‌ലിം മജ്‌ലിസ് എന്ന പേരിൽ ഒരു സംഘം താഴെ നിർദേശിക്കപ്പെടുന്ന ഉദ്ദേശ്യങ്ങളോടും അടിസ്ഥാന വ്യവസ്ഥകളോടും കൂടി സ്ഥാപിക്കുകയും ചെയ്യുന്നു.

**ഉദ്ദേശ്യങ്ങൾ**

1. കേരളത്തിലെ ജുമുഅത്ത് പള്ളികളെ കേന്ദ്രീകരിച്ചുള്ള ജമാഅത്തുകളെ ഏകീകരിച്ച് ശക്തിപ്പെടുത്തുകയും അവയുടെ വിദ്യാഭ്യാസം, സന്മാർഗനിഷ്ഠ, ധനസ്ഥിതി, പൗരാവകാശങ്ങൾ ആദിയായവയെ അഭിവൃദ്ധിപ്പെടുത്തി സംരക്ഷിക്കുകയും സകാത്ത്, വഖ്ഫ് മുതലായ പൊതുധനങ്ങളെ മതാനുസൃതമായി നിയന്ത്രിക്കുകയും ചെയ്ക.

2. പ്രസ്തുത ആവശ്യത്തിന് ഉപയുക്തമായ ഒരു പദ്ധതിയുണ്ടാക്കി അതുപ്രകാരം ഊർജിതമായ പ്രവൃത്തികൾക്ക് പൂർണസമയം വിനിയോഗിക്കാവുന്നവരും, വേണ്ടിവന്നാൽ പ്രതിഫലം നൽകേണ്ടിവരുന്നവരുമായ പ്രവർത്തകന്മാരുടെയും, വ്യവസ്ഥാപിതമായ രൂപീകരണത്തോടു കൂടി ഒരു വളണ്ടിയർ സംഘത്തിന്റെയും സഹായത്തോടുകൂടി നിർവഹിക്കുക.

എം. ജമാൽ മുഹമ്മദ് (പ്രസിഡന്റ്), ഖാൻസാഹിബ് കെ. കുഞ്ഞമ്മദ് കോയ, സി.കെ.പി സൂപ്പിക്കുട്ടി കേയി (വൈസ് പ്രസിഡന്റുമാർ), കെ. ഉപ്പിസാഹിബ്, ഹാജി അബ്ദുസ്സത്താർ, ഹാജി ഇസ്ഹാഖ് സേട്ട് (സെക്രട്ടറിമാർ) എന്നിവയായിരുന്നു ഭാരവാഹികൾ. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് കൺവീനറായി ഒരു വിദ്യാഭ്യാസ ബോർഡും രൂപീകരിച്ചിരുന്നു. (അവലംബം: മുസ്‌ലിം മജ്‌ലിസ് റിപ്പോർട്ട്, 1933).